പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4536 | 21.03.2018 ൽ മറുപടിക്ക്

## ആദിവാസികൾക്ക് ചികിത്സയും മരുന്നും

| ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| വനമേഖലകളിൽ താമസിക്കുന്ന ആദിവാസികൾക്ക് ചികിത്സയും മരുന്നും ലഭ്യമാക്കാൻ സ്വീകരിച്ച പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ? | 19.03.2012 ലെ സർക്കാർ ഉത്തരവ് 461/2012/പ.വ.വി.വ. പ്രകാരം ആദിവാസി മേഖലകളിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ മാനേജിംഗ് ഏജൻസിയായി നിയമിച്ച് 2.88 കോടി രൂപ കൈമാറിയിട്ടുണ്ട്. ഇതിനെ തുടർന്ന് 06.10.2012-ൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൊല്ലം, ഇടുക്കി ജില്ലകളിലെ വനമേഖലകളിലുള്ള പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സ നൽകുവാൻ ഓരോ വാഹനങ്ങൾക്കായി ടെണ്ടർ വിളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കെയർ എന്ന കമ്പനിയെ ഓപ്പറേറ്റിംഗ് ഏജൻസി കമ്പനിയായി നിയമിക്കുകയും ചെയ്തിരുന്നു. ഈ വാഹനങ്ങളിൽ ഏകദേശം 25 തരത്തിലുള്ള പരിശോധന നടത്തുവാനുള്ള ലാബ് ഉപകരണങ്ങൾ ഘടിപ്പിച്ച് ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഈ വാഹനങ്ങളിൽ ഒരു മാസത്തിൽ 20 ദിവസം വനമേഖലകളിലുള്ള ആദിവാസി ഊരുകൾ സന്ദർശിക്കുകയും ആവശ്യമായ പരിശോധനകൾ നടത്തി സൗജന്യ മരുന്നു വിതരണവും ചെയ്തു വരുന്നു.<br><br>എന്നാൽ 31.03.2017 ൽ ഓപ്പറേറ്റിംഗ് ഏജൻസിയായ ചികിത്സ ഹെൽത്ത് കെയറിന്റെ കരാർ കാലാവധി അവസാനിച്ചതിനാൽ പുതുതായി ഒരു ടെണ്ടർ വിളിക്കുകയും അതിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ്, പ്രമോഷൻ ട്രസ്റ്റ് (HLFPPT) യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഏജൻസി (HLFPPT) വഴി 04.10.2017 മുതൽ ഈ പദ്ധതി കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, വയനാട്, കണ്ണൂർ എന്നീ ആറ് ജില്ലകളിൽ ഓരോ വാഹനങ്ങളുടെ സേവനം നടത്തി വരുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ആവശ്യാനുസരണം 8 വാഹനങ്ങൾ കൂടി തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ പ്രവർത്തിക്കുവാനായി HLFPPT ക്കു കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് 2018 ഏപ്രിൽ മാസത്തോടെ പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ